വൈദ്യുതി ബോർഡ് പുനഃസംഘടന

16 (*346) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിനെ മാതൃകാ സ്ഥാപനമായി മാറ്റാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ബോർഡ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നു എങ്കിൽ എന്തൊക്കെ കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് പുനഃസംഘടനയെന്ന് വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി ബോർഡിൽ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) ഊർജ്ജ നയമനുസരിച്ച് വ്യക്തമായ ഉത്തരവാദിത്വങ്ങളും ചുമതലകളുമുള്ള പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ കീഴിൽ കർത്തവ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനമേഖല നിശ്ചയിക്കപ്പെട്ടിട്ടുള്ളതും ഭരണപരവും പ്രവർത്തനപരവുമായ സ്വാതന്ത്ര്യമുള്ളതും അക്കൗണ്ടിൽ ആയതുമായ പ്രോഫിറ്റ് സെന്ററുകൾ രൂപീകരിച്ചുകൊണ്ടുള്ള ഘടനാ മാറ്റം, ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കിവരുന്നു. ഉത്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്ക് പ്രത്യേകം പ്രത്യേകം പ്രോഫിറ്റ് സെന്ററുകളുണ്ടാകും. 2000-മാണ്ട് ഏപ്രിൽ മാസം മുതൽ ഇവയുടെ പ്രവർത്തനം പ്രാബല്യത്തിൽ വരത്തക്കവണ്ണം പുനഃസംഘടനാ നടപടികൾ പുരോഗമിക്കുന്നു.

(സി) ബോർഡിന്റെ പ്രവർത്തനശേഷി മെച്ചപ്പെടുത്തി സാമ്പത്തിക ഭദ്രത ഉറപ്പാക്കുക. നല്ല ഉപഭോക്തൃ ബന്ധം വളർത്തുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, ഉത്പാദനം-പ്രസരണം-വിതരണം ഇവയ്ക്ക് പ്രത്യേക പ്രോഫിറ്റ് സെന്ററുകളുണ്ടാക്കി അവയ്ക്ക് സാമ്പത്തിക ചുമതലയും ഫലദായക ശേഷിയും കൈവരിക്കുകയെന്നതുമാണ് ലക്ഷ്യം. ആവശ്യാനുസരണം ഗുണമേന്മയുള്ള വൈദ്യുതി ലഭ്യത ശാസ്ത്രീയമായ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

നിരക്ക് നിർണ്ണയം, കൈമാറ്റം ചെയ്യപ്പെടുന്ന വൈദ്യുതി അളന്നു തിട്ടപ്പെടുത്തുക, നഷ്ടമുണ്ടാകുന്ന മേഖലകൾ കണ്ടെത്തി അവ ഒഴിവാക്കുക ഈവക കാര്യങ്ങൾ അടിസ്ഥാനമാക്കിയാണ് പുനഃസംഘടന ഏർപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) ഇതിനായി ഒരു സാമ്പത്തിക അച്ചടക്ക കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റി നിർദ്ദേശിച്ച പരിഷ്ക്കാരങ്ങളിൽ ചിലത് നടപ്പിലാക്കിയിട്ടുണ്ട്.

വിദ്യാലയങ്ങളിൽ നിന്നും പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

17 (*347) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വെങ്ങാനൂർ പി ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിന്നുള്ള പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സ്കൂൾതലങ്ങളിൽ നിന്നുള്ള പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കാര്യക്ഷമമായി തടയുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സ്കൂൾതലത്തിലെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് വളരെ കൂടുതലായതിനാൽ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പ്രത്യേക പഠനം നടത്തിയില്ലെങ്കിലും പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രക്ഷിതാക്കളുടെ അറിവില്ലായ്മ, നിരക്ഷരത, ദാരിദ്ര്യം, ഫലപ്രദമായ ബോധവൽക്കരണത്തിന്റെ അഭാവം തുടങ്ങിയവ കൊഴിഞ്ഞുപോക്കിന് കാരണമായി കണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly